REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 08-11-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- വന്ദേ ഭാരത്, നമോ ഭാരത്, അമൃത് ഭാരത് ട്രെയിനുകൾ ഇന്ത്യൻ റെയിൽവേയുടെ അടുത്ത തലമുറയുടെ അടിത്തറയായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- നിയമസഹായ വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്ന ദേശീയ സമ്മേളനം വൈകിട്ട് ന്യൂഡൽഹിയിൽ.
- നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ടിൽ നിന്ന് കേരളത്തിന് 1441 കോടി 24 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഉന്നതാധികാര സമിതി അംഗീകാരം.
- മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ M. R രഘുചന്ദ്രബാൽ തിരുവനന്തപുരത്ത് അന്തരിച്ചു.
- ഇന്ത്യ - ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരം ഉച്ചകഴിഞ്ഞ് ബ്രിസ്ബെയിനിൽ.

## വാർത്തകൾ വിശദമായി

വന്ദേ ഭാരത്, നമോ ഭാരത്, അമൃത് ഭാരത് ട്രെയിനുകൾ ഇന്ത്യൻ റെയിൽവേയുടെ അടുത്ത തലമുറയ്ക്ക് അടിത്തറ പാകുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. എറണാകുളം - ബംഗലൂരു വന്ദേഭാരത് എക്സ്പ്രസ് ഉൾപ്പെടെ നാല് വന്ദേഭാരത് ട്രെയിനുകൾ വാരണാസിയിൽ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഇന്ത്യക്കാർക്കായി ഇന്ത്യയിൽ നിർമ്മിച്ച ഇന്ത്യൻ ട്രെയിനുകളാണ് വന്ദേഭാരത് ശ്രേണിയിലേതെന്ന് നരേന്ദ്രമോദി പറഞ്ഞു. ഇന്നത്തെ നാല് ട്രെയിനുകളടക്കം രാജ്യത്തെ വന്ദേഭാരത് ട്രെയിനുകളുടെ എണ്ണം 160 ആയെന്നും പ്രധാനമന്ത്രി അറിയിച്ചു.

വന്ദേഭാരത് ട്രെയിനുകൾ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുകയും കൂടുതൽ സുഖസൗകര്യങ്ങൾ നൽകുകയും, യാത്രാ സമയം കുറയ്ക്കുകയും വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ബനാറസ്-ഖജുരാഹോ വന്ദേ ഭാരത് ട്രെയിൻ വാരണാസി റെയിൽവേ സ്റ്റേഷനിൽ നിന്നും, മറ്റ് മൂന്ന് വന്ദേ ഭാരത് ട്രെയിനുകൾ വെർച്വലായുമാണ് മോദി ഫ്ലാഗ് ഓഫ് ചെയ്തത്.

റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവും, UP മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

റെയിൽവെ ഗതാഗതരംഗത്ത് വന്ദേഭാരത് ഒരു വിപ്ലവമാണെന്നും, വാണിജ്യ നഗരങ്ങളായ കൊച്ചിയ്ക്കും, ബംഗളൂരുവിനും ഇടയിലെ വന്ദേഭാരത് സർവീസ് മലയാളിക്ക് ആശ്വാസവും ആനന്ദവും സമ്മാനിക്കുന്നുവെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. എറണാകുളം- ബംഗളൂരു വന്ദേഭാരത് എക്സ്പ്രസിന് തൃശൂരിൽ നൽകിയ സ്വീകരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു സുരേഷ്ഗോപി.

✪✪✪

ഇന്ന് സർവീസ് ആരംഭിച്ച എറണാകുളം -ബെംഗളൂരു വന്ദേഭാരത് ട്രെയിനിന് പാലക്കാട് ജംഗ്ഷൻ റയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകി V.K ശ്രീകണ്ഠൻ MP ഉദ്ഘാടനം ചെയ്തു.

✪✪✪

സുപ്രീം കോടതിയിലെ നിയമസഹായ വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ദേശീയ സമ്മേളനം വൈകിട്ട് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ദേശീയ ലീഗൽ സർവീസ് അതോറിറ്റി തയ്യാറാക്കിയ കമ്മ്യൂണിറ്റി മീഡിയേഷൻ പരിശീലനമൊഡ്യൂളും മോദി ചടങ്ങിൽ ഉദ്ഘാടനം ചെയ്യും.

നിയമ സഹായ ഡിഫെൻസ് കൗൺസൽ സിസ്റ്റം, പാനൽ അഭിഭാഷകർ, പാരാ-ലീഗൽ വളണ്ടിയർമാർ, സ്ഥിരം ലോക് അദാലത്തുകൾ തുടങ്ങിയ നിയമ സേവനങ്ങളുടെ പ്രധാന വശങ്ങളെക്കുറിച്ച് രണ്ട് ദിവസത്തെ സമ്മേളനം ചർച്ച ചെയ്യും.

✪✪✪

ഉത്തരാഖണ്ഡ് രൂപീകരണത്തിന്റെ രജതജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഡെറാഡൂൺ സന്ദർശിക്കും. സന്ദർശന വേളയിൽ, സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കുന്ന പ്രധാനമന്ത്രി സമ്മേളനത്തെ അഭിസംബോധന ചെയ്യും.

930 കോടിയിലധികം രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും 7,200 കോടിയിലധികം രൂപയുടെ പദ്ധതികളുടെ ശിലാസ്ഥാപനവും ഉൾപ്പെടെ 8,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്കും മോദി തുടക്കം കുറിക്കും.

പ്രധാൻമന്ത്രി ഫസൽ ബീമ യോജന പ്രകാരം 28,000 ത്തിലധികം കർഷകർക്ക് 62 കോടി രൂപ നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പ്രധാനമന്ത്രി അനുവദിക്കും.

✪✪✪

മുതിർന്ന BJP നേതാവ് L.K അദ്വാനിയുടെ ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. ഉയർന്ന കാഴ്ചപ്പാടും ബുദ്ധിശക്തിയും കൊണ്ട് അനുഗ്രഹിക്കപ്പെട്ട ഒരു രാഷ്ട്രതന്ത്രജ്ഞനാണ് അദ്വാനിയെന്ന് മോദി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

രണ്ടു ദിവസത്തെ UAE സന്ദർശനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ അബുദാബിയിൽ എത്തി. ഇന്ത്യൻ അംബാസഡർ ദീപക് മിത്തൽ , ലോക കേരള സഭാംഗങ്ങൾ തുടങ്ങിയവർ മുഖ്യമന്ത്രിയെ സ്വീകരിച്ചു.

✪✪✪

കേരളത്തിന് നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ടിൽ നിന്ന് 1441 കോടി 24 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഉന്നതാധികാര സമിതി അംഗീകാരം നൽകി.

വനം വകുപ്പിന് 160 കോടിയോളം രൂപയും, വൈദ്യുതി വകുപ്പിന് 200 കോടിയോളം രൂപയും, ജലവിഭവ വകുപ്പിന് 176 കോടിയിൽപ്പരം രൂപയും ലഭിക്കും.

കൃഷി വകുപ്പിന് 176 കോടിയിലേറെ രൂപയും, സാമൂഹ്യനീതി വകുപ്പിന് 73 കോടി രൂപയും തീരദേശ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് 217 കോടി രൂപയും അനുവദിക്കാൻ യോഗം ശുപാർശ ചെയ്തു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വിളിച്ച സർവകക്ഷി യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ബൂത്ത് ലെവൽ ഓഫീസർമാർക്ക്, BLA മാരുടെ സഹകരണം ആവശ്യമെങ്കിൽ നൽകാൻ നിർദേശം കൊടുത്തിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ യോഗത്തെ അറിയിച്ചു. വോട്ടർപട്ടികയിൽ പേരു ചേർക്കാൻ അംഗീകരിച്ച 12 തിരിച്ചറിയൽ രേഖകളിൽ ഒന്ന് നൽകിയാൽ മതിയെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വ്യക്തമാക്കി.

✪✪✪

കേരളത്തിൽ റോഡ് നികുതി അടയ്ക്കാതെ സർവീസ് നടത്തിയ 25 അന്തർ സംസ്ഥാന ടൂറിസ്റ്റ് ബസുകൾ കൊച്ചിയിൽ ഉദ്യോഗസ്ഥർ പിടിച്ചെടുത്തു. വാഹനങ്ങൾ ക്കെതിരെ വിവിധ നിയമലംഘനങ്ങൾക്ക് കേസു കൾ രജിസ്റ്റർ ചെയ്തു. വാഹനങ്ങൾക്ക് ഓൾ ഇന്ത്യ പെർമിറ്റ് ഉണ്ടെങ്കിൽ പോലും, സർവീസ് നടത്തുന്ന സംസ്ഥാനങ്ങളിൽ റോഡ് നികുതി അടയ്ക്കണമെന്ന നിയമം പല ബസുകളും ലംഘിച്ചതായി പരിശോധനയിൽ കണ്ടെത്തി. വൈറ്റില, പാലാരിവട്ടം എന്നിവിടങ്ങളിലാണ് പരിശോധന നടന്നത്.

✪✪✪

തമിഴ്നാട്ടിലെ ഒമ്നിബസ് അസോസിയേഷൻ കേരളത്തിലേക്ക് ഓട്ടം നിർത്തിവെച്ചു. തമിഴ്നാട് അതിർത്തി വരെ മാത്രമേ സർവീസ് നടത്തൂ എന്ന് ബസ് ഉടമകൾ അറിയിച്ചു. കേരളത്തിലെ മോട്ടോർ വാഹന വകുപ്പ് ബസ്സുകൾക്ക് വൻതുക ഫൈൻ ഈടാക്കുന്നുവെന്ന് ആരോപിച്ചാണ് സർവീസ് നിർത്തിവെച്ചത്. ഇരുസംസ്ഥാനങ്ങളിലെയും ഗതാഗത വകുപ്പ് ഉദ്യോഗസ്ഥർ ചർച്ച നടത്തി പ്രശ്ന പരിഹാരമുണ്ടാക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു.

✪✪✪

മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ MR രഘുചന്ദ്രബാൽ തിരുവനന്തപുരത്ത് അന്തരിച്ചു. അദ്ദേഹത്തിന് 75 വയസായിരുന്നു. 1991 ൽ കരുണാകരൻ മന്ത്രിസഭയിൽ എക്സൈസ് മന്ത്രി ആയിരുന്നു. 1980ൽ കോവളത്തുനിന്നും 1991 ൽ പാറശാലയിൽ നിന്നും നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

രഘുചന്ദ്രബാലിന്റെ നിര്യാണത്തിൽ AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ MP അനുശോചിച്ചു. കോൺഗ്രസ് ആശയങ്ങളിൽ അടിയുറച്ച് വിശ്വസിച്ച് പ്രവർത്തിച്ച പൊതുപ്രവർത്തകനായിരുന്നു രഘുചന്ദ്രബാലെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

പാലക്കാട് കൽപ്പാത്തി രഥോത്സവം കൊടിയേറി. പ്രധാനപ്പെട്ട നാല് ക്ഷേത്രങ്ങളിലും കൊടിയേറ്റ ചടങ്ങുകൾ നടന്നു. ഈ മാസം 14 നാണ് ഒന്നാം തേരുത്സവം

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്

.............(വോയ്സ് )...................

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരം ഉച്ചകഴിഞ്ഞ് ബ്രിസ്ബെയിനിലെ ഗബ്ബയിൽ ആരംഭിക്കും. ഇന്ത്യൻ സമയം 1.45 നാണ് മത്സരം.

ക്വീൻസ് ലാന്റിലെ നാലാം മത്സരം 48 റൺസിന് ജയിച്ച ഇന്ത്യ പരമ്പരയിൽ 2-1 എന്ന ലീഡ് നേടിയിട്ടുണ്ട്.

✪✪✪

2028-ലെ ലോസാഞ്ചലസ് ഒളിമ്പിക്സിൽ പുരുഷ- വനിതാ ട്വന്റി 20 ക്രിക്കറ്റ് മത്സരം ഉൾപ്പെടുത്തുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ അറിയിച്ചു. ആറ് ടീമുകൾ വീതം ഇരു വിഭാഗത്തിലും മത്സരിക്കും. 128 വർഷത്തിന് ശേഷമാണ് ക്രിക്കറ്റ് വീണ്ടും ഒളിമ്പിക് ഇനമായി മാറുന്നത്.

✪✪✪

ഏഷ്യാകപ്പ് ക്രിക്കറ്റിൽ ഇന്ത്യക്കും പാകിസ്ഥാനും ഇടയിലുണ്ടായ പ്രശ്നങ്ങളിൽ മധ്യസ്ഥ ചർച്ചയ്ക്ക് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ കമ്മിറ്റി രൂപീകരിച്ചു. ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾബോർഡ് വിഷയം ICC യോഗത്തിൽ ഉന്നയിച്ചിരുന്നു. ഒമാൻ ക്രിക്കറ്റ് ബോർഡ് ചെയർമാൻ പങ്കജ് ഖിംജി ആയിരിക്കും സമിതിയെ നയിക്കുന്നത്.

✪✪✪

വിംസി സെന്റിനറി അവാർഡിന് ഇന്ത്യൻ വനിതാ സീനിയർ ഫുട്ബോൾ ടീം അംഗംP മാളവിക അർഹയായി. 50,000 രൂപയും ഫലകവുമാണ് അവാർഡ്. ഈ മാസം 15 ന് കോഴിക്കോട്ട് അവാർഡ് സമ്മാനിക്കും.

കാസർകോട് സ്വദേശിയായ P മാളവിക ഏഷ്യാകപ്പ് യോഗ്യതാ റൗണ്ടിൽ ഇന്ത്യക്കായി ഗോൾ നേടിയ താരമാണ്.

✪✪✪

ഈ വർഷത്തെ അപ്പു നെടുങ്ങാടി പുരസ്കാരങ്ങൾ കോഴിക്കോട്ട് പ്രഖ്യാപിച്ചു. KK കൃഷ്ണകുമാർ - അഭിഭാഷക മേഖല, മീര പ്രതാപ് - സാഹിത്യം, N. സുന്ദരൻ - ബാങ്കിംഗ്, N ബിന്ദു- വിദ്യാഭ്യാസം എന്നിവർക്കാണ് അവാർഡ്.

അപ്പുനെടുങ്ങാടി പ്രവർത്തിച്ച നാല് മേഖലകളിലെ മികവ് മുൻനിർത്തിയാണ് അവാർഡ്. ഈ മാസം 12 ന് പുരസ്കാരങ്ങൾ കോഴിക്കോട്ട് സമ്മാനിക്കും.

✪✪✪

സുൽത്താൻ ബത്തേരി കല്ലൂരിൽ ഉടമയെയും ഡ്രൈവറെയും ആക്രമിച്ച് വാഹനം തട്ടി കൊണ്ടുപോയ സംഭവത്തിലെ പ്രതി പൊലീസ് കസ്റ്റഡിയിൽ നിന്ന് ഓടി രക്ഷപ്പെട്ടു. തൃശൂർ കൈപ്പമംഗലം തട്ടാരത്ത് വീട് സുഹാസ് എന്ന അപ്പു ആണ് രക്ഷപ്പെട്ടത്.

തൃശൂരിൽ നിന്ന് കസ്റ്റഡിയിലെടുത്ത് കൊണ്ടുവരുന്ന വഴി പുലർച്ചെ കോഴിക്കോട് കോവൂരിൽ വാഹനത്തിൽ നിന്ന് ഇയാൾ ഇറങ്ങി ഓടുകയായിരുന്നു.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ്സിന്  തലശേരി ബ്രണ്ണൻ കോളേജ് വേദിയാകുമെന്ന് സംഘാടകർ തലശ്ശേരിയിൽ അറിയിച്ചു. ഡിസംബർ 28 മുതൽ 30 വരെ  ചേരുന്ന സമ്മേളനത്തിൽ ഒരേസമയം ആറ് വിഭാഗങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 1,300 ഓളം പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

നെറ്റ് സീറോ കാർബൺ പദ്ധതിയുടെ ഭാഗമായി വടകര നഗരസഭക്ക് ഹരിത കേരളം മിഷനിലൂടെ ഗവൺമെന്റ് അനുവദിച്ച ബയോ മെഥനേഷൻ പ്ലാന്റ്, വാഹന ചാർജിങ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം മന്ത്രി PA മുഹമ്മദ് റിയാസ് ഓൺലൈനിൽ  ഉദ്ഘാടനം ചെയ്തു.

നെറ്റ് സീറോ കാർബൺ ക്യാമ്പയിൻ  പ്രവർത്തങ്ങൾ ഏറ്റെടുക്കുന്ന സംസ്ഥാനത്തെ ആദ്യ നഗരസഭയാണ് വടകര.

✪✪✪

---

*News Editor പി ചന്ദ്രബാബു*
*News Reader: ശ്രീജി*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*